## ആലപ്പുഴ തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ & രജിസ്റ്ററിംഗ് അധികാരിയുടെ നടപടിക്രമം

**(ഹാജർ: പ്രദീപ് കുമാർ.വി, പെൻ നമ്പർ-672521)**

സംഗ്രഹം :- തദ്ദേശസ്വയംഭരണ വകുപ്പ്- ആലപ്പുഴ ജില്ല- രജിസ്റ്റേഡ് സൂപ്പർവൈസർ ആയ ശ്രീ. ആർ.രതീഷ് കുമാർ എന്നവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

പരാമർശം:- 1) സി.ടി.പി വിജിലൻസിന്റെ 16/12/2020 തീയതിയിലെ CTPVIG/1517/19(1) നമ്പർ റിപ്പോർട്ട്.

2) ബഹു.സർക്കാരിന്റെ 04/02/2021 തീയതിയിലെ ആർ എ1/60/2021-ത.സ്വ.ഭ.വ കത്ത്.

3) ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ 28/06/2023 തീയതിയിലെ LSGD/PD/3312/2023-VIGA6 നമ്പർ കത്ത്.

4) ഈ ഓഫീസിൽ നിന്നും ശ്രീ.ആർ. രതീഷ് കുമാർ (രജി.നമ്പർ-E-3944/13/SA-604/KLM, പുതിയ രജി.നമ്പർ-JD/ALP/1322(N-269)/SS/2024-J1) എന്നവർക്ക് 09/10/2024 തീയതിയിൽ നൽകിയ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

**<u>ഉത്തരവ് നമ്പർ: LSGD/JD/ALP/2179/2023-J1 തീയതി:05-12-2024</u>**

അമ്പലപ്പുഴതെക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രീ.ആർ.ജയരാജ്, സരോവരം, കോമന എന്നയാൾക്ക് അമ്പലപ്പുഴ വില്ലേജിൽ സർവ്വേ നമ്പർ 401/8-1-2ൽ ഉൾപ്പെട്ട 3.03 ആർ വിസ്തീർണ്ണമുള്ള ഭൂമിയിൽ രണ്ട് നിലകളിലായി 381.85ച.മി. വിസ്തീർണ്ണത്തിൽ ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് 31/5/2014 തീയതിയിൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള A3/38/14 നമ്പർ നിർമ്മാണാനുമതി അടിസ്ഥാനത്തിൽ നടത്തിയ നിർമ്മാണവുമായി ബന്ധപ്പെട്ട് സൂചന(1) പരിശോധന റിപ്പോർട്ട് സൂചന(2) പ്രകാരം ബഹു.സർക്കാർ അംഗീകരിച്ച് തുടർനടപടികൾക്കായി നിർദ്ദേശിച്ചിട്ടുള്ളതാകുന്നു. മേൽ സൂചന(1) റിപ്പോർട്ടിൽ ചുവടെ ചേർത്തിരിക്കുന്ന ചട്ട ലംഘനം കണ്ടെത്തിയി ട്ടുള്ളതാകുന്നു.

1. NH 66 ൽ അമ്പലപ്പുഴ കച്ചേരി മുക്ക് ജങ്ഷനിൽ നിന്നും ഏകദേശം 200 മീറ്റർ കിഴക്ക മാറി അമ്പലപ്പുഴ-തിരുവല്ല റോഡിന്റെ തെക്കേ അരികിലായുള്ള പ്രസതുത സൈറ്റിൽ പെർമിറ്റിന് വിരുദ്ധമായി G+2 നിലകളിലായാണ് നിർമ്മാണം പൂർത്തീകരിച്ചിരിയ്ക്കുന്നത് മൂന്ന് നിലകളും മുഴുവനായും വാണിജ്യാവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നു.

2.കെട്ടിടത്തിന്റെ മുൻഭാഗത്ത് GF റൂഫിന് തുടർച്ചയായി ഷീറ്റ് ഉപയോഗിച്ച് റോഡതിരുവരെ ഇറക്കെട്ടുത്തിട്ടുള്ളതിനാൽ KPBR 2011 റൂൾ 27(3),27(10),28(1) എന്നിവ ലംഘിയ്ക്കുന്നു.

3.കെട്ടിടത്തിന്റെ കിഴക്കുഭാഗത്തുകൂടി തെക്കോട്ട് പോകുന്ന വഴിയോട് ചേർന്നുവരത്തക്ക വിധമാണ് ടി കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകളിലെ പാസ്സേജുകളുടെ പ്രോജെക്ഷൻ. ഇതുമൂലം 7 മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രസ്തുത മൂന്ന് നില കെട്ടിടത്തിന് ടി വഴിയിൽ നിന്നും ചട്ടം 28(1) പ്രകാരം ആവശ്യമായ 3 മീറ്റർ സൈറ്റ് ബാക്ക് ലഭിയ്ക്കുന്നില്ല. അതുപോലെ തന്നെ സൈഡ് സെറ്റ് ബാക്കും ലഭിയ്ക്കിക്കുന്നില്ല. ആയത് KPBR 2011 റൂൾ 27(5), 27(10), 28(1) എന്നിവ ലംഘിക്കുന്നു.

4. KPBR 2011 റൂൾ 38(2), 38(4) എന്നിവ പ്രകാരം ആവശ്യമായ പാർക്കിംഗ് പ്രസ്തുത സൈറ്റിൽ നിലവിൽ ലഭ്യമല്ല ആയത് KPBR 2011 റൂൾ 38(2), 38(4) എന്നിവയുടെ ലംഘനമാകുന്നു.

5. KPBR 2011 ചട്ടം 104(1) 104(5) എന്നിവ പ്രകാരം ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

6. പ്രസ്തുത കെട്ടിടത്തിന് അഗ്നിരക്ഷാ കോണിപ്പടികൾ നൽകിയിട്ടില്ല ആയത് KPBR 2011 റൂൾ 47(1) (b) യുടെ ലംഘനമാകുന്നു.

7. പെർമിറ്റ് പ്ലാൻ പരിശോധിച്ചതിൽ KPBR 2011 ചട്ടം 28(1) ഖണ്ഡിക 2, 38(2), 38(4). 44(6), 45, 104 എന്നിവ ലംഘിക്കുന്നു.

8. കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ KPBR 2011 ചട്ടം 27(3), 28(1), 28(1) ഖണ്ഡിക 2 എന്നിവ ലംഘിക്കുന്നു.

9. കെട്ടിട നിർമ്മാണ പെർമിറ്റിനു വിരുദ്ധമായി ഒരു നില കൂടി അധികമായി നിർമ്മിച്ചിട്ടുള്ളതിന് ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി വാങ്ങിയതായി കാണുന്നില്ല ആയത് KPBR 2011 റൂൾ 4 ന്റെ ലംഘനം ആകുന്നു.

10. പ്രസ്തുത നിർമ്മാണം KPBR 2011 റൂൾ 27(3),27(5), 27(10), 28(1),38(2),38(4), 47(1)b. 104 എന്നിവ ലംഘിക്കുന്നു.

KPBR 2011 റൂൾ 28(1) ഖണ്ഡിക 2, 38(2),38(4),44(6),44 104 എന്നിവ ലംഘിച്ച് നിർമ്മാണാനുമതിയ്ക്കായും ചട്ടം 27(3),28(1) ഖണ്ഡിക 2, 38(2),38(4) 44(6), 44,104 എന്നിവ ലംഘിച്ച് ഒക്യുപൻസിയ്ക്കായും പ്ലാനുകൾ സമർപ്പിച്ച രജിസ്റ്റേഡ് സൂപ്പർവൈസർ ആയ ശ്രീ. ആർ. രതീഷ് കുമാർ(E-3944/13/SA-604/KLM, New Reg. No-JD/ALP/1322(N-269)/SS/2024-J1) എന്നവർക്കതിരെ നിയമാനുസൃത തുടനടപടികൾ സ്വീകരിക്കുവാൻ സൂചന(1) റിപ്പോർട്ടിലെ ശുപാർശ(4) ബഹു.സർക്കാർ അംഗീകരിച്ച് നിർദ്ദേശിച്ചിട്ടുള്ളതാകുന്നു.

ആയതിനാൽ കെ.എം.ബി.ആർ 2019 ചട്ടം 18(11) പ്രകാരം ശ്രീ. ആർ. രതീഷ് കുമാർ എന്നവർക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം(4) പ്രകാരം രജിസ്റ്റേഡ് തപാലിൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നതാണ്.

എന്നാൽ ടി നോട്ടീസിന് ടിയാൾ മറുപടി സമർപ്പിച്ചിട്ടില്ലാത്തതാകുന്നു. ആയതിനാൽ ടി വിഷയത്തിൽ ടിയാൾക്ക് ഒന്നും തന്നെ ബോധിപ്പിക്കുവാൻ ഇല്ലെന്നുള്ള നിഗമനത്തിൽ കെ.എം.ബി.ആർ 2019 ചട്ടം 18(11) പ്രകാരം ശ്രീ. ആർ. രതീഷ് കുമാർ (E-3944/13/SA-604/KLM, New Reg. No-JD/ALP/1322(N-269)/SS/2024-J1) എന്നവരുടെ രജിസ്ട്രേഷൻ ***ഇന്ന് (05-12-2024) മുതൽ ഒരു വർഷക്കാലത്തേയ്ക്ക് സസ്പെൻഡ് ചെയ്തു കൊണ്ടും ടി വിവരം ടിയാളുടെ രജിസ്ട്രേഷനിൽ രേഖപ്പെടുത്തുന്നതിലേയ്ക്കായി ഈ ഉത്തരവ് കൈപ്പറ്റി 07 ദവസത്തിനകം ടിയാളുടെ രജിസ്ട്രേഷന്റെ അസ്സൽ രേഖ ജോയിന്റ് ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ഓഫീസ്, ആലപ്പുഴയിൽ ഹാജരാക്കുന്നതിന് ശ്രീ. ആർ. രതീഷ് കുമാർ എന്നവർക്ക് കർശനനിർദ്ദേശം നൽകികൊണ്ടും ടിയാൾക്കെതിരെയുള്ള നടപടി തീർപ്പാക്കി ഉത്തരവാകുന്നു.***

PRADEEP KUMAR V
JOINT DIRECTOR

പകർപ്പ്: 1) ബഹു. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ(ആർ എ) വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) ബഹു.പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ്,VIGA6, വിഭാഗം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
3) Sri. R. Ratheesh Kumar,
(E-3944/13/SA-604/KLM,New Reg. No-JD/ALP/1322(N-269)/SS/2024-J1)
Rajesh Bhavan, Amayida, Ambalappuzha P O,
Alappuzha-688651, ph-9496072646 (Reg. post)
4) ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും
5) എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ മാർക്കും
6) കരുതൽ ഫയൽ